"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസം - കണ്ണൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസ് പരിധിയിലെ കടമ്പൂർ ഹയർസെക്കന്ററി സ്കൂളിലെ ഹിന്ദി അധ്യാപകനായ ശ്രീ. പ്രഭാകരൻ പയ്യാട്ട് സമർപ്പിച്ച റിവ്യൂ ഹർജി നിരസിച്ച് കൊണ്ട് റിട്ട് ഹർജി 8442/2025 ന്മേലുള്ള ബഹു. ഹൈക്കോടതിയുടെ വിധിന്യായം പാലിച്ച് പുറപ്പെടുവിച്ച ഉത്തരവ് പുതുക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്**

സ.ഉ.(സാധാ) നം.3727/2026/GEDN തീയതി,തിരുവനന്തപുരം, 02-06-2026

---

പരാമർശം:-

1. കണ്ണൂർ കടമ്പൂർ ഹയർസെക്കന്ററി സ്കൂളിലെ ഹിന്ദി അധ്യാപകനായ ശ്രീ. പ്രഭാകരൻ പയ്യാട്ട് ഫയൽ ചെയ്ത റിട്ട് ഹർജി 8442/2025 ന്മേലുള്ള ബഹു. ഹൈക്കോടതിയുടെ 14/03/2025-ലെ വിധിന്യായം.
2. കണ്ണൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ DEOKNR/1419/2024-B4 നമ്പർ കത്ത്.
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 06.06.2025-ലെ ഡിജിഇ/ 11168/2025-ഇഎം4 നമ്പർ കത്ത്.
4. 13.08.2025 തീയതിയിലെ സ.ഉ(സാധാ)നം.5275/2025/പൊ.വി.വ.നമ്പർ സർക്കാർ ഉത്തരവ്.
5. ബഹു പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിക്ക് മുൻപാകെ ശ്രീ. പ്രഭാകരൻ പയ്യാട്ട് സമർപ്പിച്ച 19/08/2025 ലെ ഹർജ്ജി.
6. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 17.11.2025-ലെ ഡിജിഇ/ 11168/2025-ഇഎം4 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കണ്ണൂർ ജില്ലയിലെ കണ്ണൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസ് പരിധിയിലെ കടമ്പൂർ ഹയർസെക്കന്ററി സ്കൂളിലെ ഹിന്ദി അധ്യാപകനായ ശ്രീ. പ്രഭാകരൻ പയ്യാട്ട് ഫയൽ ചെയ്ത റിട്ട് ഹർജി നം.8442/2025 ന്മേലുള്ള 14/03/2025 തീയതിയിലെ ബഹു. ഹൈക്കോടതിയുടെ വിധിന്യായം പാലിച്ച് പരാമർശം (4) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2) മേൽ ഉത്തരവിനെതിരെ ശ്രീ. പ്രഭാകരൻ പയ്യാട്ട് പരാമർശം (5) പ്രകാരം റിവ്യൂ ഹർജി സമർപ്പിച്ചിരുന്നു. 2011-12 വർഷത്തിൽ കടമ്പൂർ ഹയർ സെക്കണ്ടറി സ്കൂളിൽ 3 ജൂനിയർ ലാംഗ്വേജ് ഹിന്ദി ടീച്ചർ തസ്തിക നിലവിലുണ്ടായിരുന്നുവെന്നും എന്നാൽ കണ്ണൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസർ 2 തസ്തിക മാത്രമാണ് സ്കൂളിലുള്ളതെന്ന ധാരണയിൽ ടിയാനെ ഉൾക്കൊള്ളാൻ 2011-

12 വർഷത്തിൽ ഒഴിവില്ല എന്ന് പരാമർശിച്ചതിനാൽ 27.03.2012 മുതൽ ടിയാളുടെ നിയമനം തുടർച്ചയായി വെക്കേഷൻ സാലറിയോടു കൂടി അംഗീകരിക്കണമെന്ന ടിയാളുടെ ആവശ്യം 13.08.2025 ലെ സ.ഉ.(സാ.ധാ)നം.5275/2025 നമ്പർ പ്രകാരം നിരസിച്ചുവെന്നും ആയതിനാൽ ടിയാൾക്ക് നിലനിൽക്കാൻ മൂന്നാമത്തെ ജൂനിയർ ലാംഗ്വേജ് തസ്തിക ഉണ്ടെന്ന് ബോധ്യപ്പെട്ട് 27.3.2012 മുതൽ നിയമനം തുടർച്ചയായി അംഗീകരിക്കാനുള്ള നിർദ്ദേശം കണ്ണൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നൽകണമെന്നുമാണ് റിവ്യൂ ഹർജിയിലെ ആവശ്യം.

3) കടമ്പൂർ ഹയർ സെക്കന്ററി സ്കൂളിൽ 2011-2012 അധ്യയന വർഷം രണ്ട് ലോവർ ഗ്രേഡ് ഹിന്ദി തസ്തിക ആദ്യം അനുവദിച്ചിരുന്നു എന്നും തുടർന്ന് സ. ഉ. (സാധാ) 2130/2016 തീയതി : 05.07.2016 പ്രകാരം തസ്തിക പുനർ നിർണയം നടത്തുകയും 27.03.2012 പ്രാബല്യത്തിൽ മാത്രം ഒരു തസ്തിക കൂടി അനുവദിക്കുകയും ചെയ്തിട്ടുണ്ട് എന്നും മേൽ തസ്തികയിലാണ് മാനേജർ ശ്രീ പ്രഭാകരൻ പയ്യാട്ടിനെ 16.01.2012 മുതൽ നിയമിച്ചത് എന്നും 2011-12 അധ്യയന വർഷാവസാനം 27.03.2012 തീയതിയിൽ അനുവദിച്ച തസ്തികയിലെ നിയമനമായതിനാലാണ് ടി നിയമനം 04.06.2012 മുതൽ അംഗീകരിച്ചത് എന്നും എന്നാൽ പ്രസ്തുത വിഷയത്തിൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ മുമ്പ് നല്കിയ റിപ്പോർട്ടിൽ ടി സ്കൂളിൽ ആകെ രണ്ട് ലോവർ ഗ്രേഡ് ഹിന്ദി തസ്തിക മാത്രമാണ് അനുവദിച്ചത് എന്നും മറ്റൊരു ഒഴിവും ലഭ്യമല്ല എന്നുമാണ് റിപ്പോർട്ട് ചെയ്തിരുന്നത് എന്നും എന്നാൽ 27.03.2012 മുതൽ ടി സ്കൂളിൽ ശ്രീ പ്രഭാകരൻ പയ്യാട്ടിനെ ഉൾക്കൊള്ളാൻ ഒഴിവ് ലഭ്യമാണെന്നുമാണ് പൊതു വിദ്യാഭ്യാസ ഡയറക്ടർ പരാമർശം (6) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

4) പരാമർശം (6) പ്രകാരം, പരാമർശം (4) ൽ വസ്തുതാപരമായ പിശകുകൾ ഉണ്ടെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സർക്കാർ വിഷയം പരിശോധിച്ചു. ശ്രീ പ്രഭാകരൻ പയ്യാട്ടിനെ ഉൾക്കൊള്ളാനുള്ള അധിക തസ്തിക 2011-2012 വർഷത്തിൽ സ്കൂളിൽ ലഭ്യമായത് 27.03.2012 മുതലായതിനാലും, പി എസ് സി മുഖേനയുള്ള നിയമനങ്ങൾ പോലും ഫെബ്രുവരി മാസം അവസാനത്തെ പ്രവൃത്തി ദിനത്തിന് ശേഷം നിയമന ശുപാർശ ലഭിക്കുന്ന അദ്ധ്യാപകർക്ക് അടുത്ത അധ്യയന വർഷം ജോലിയിൽ പ്രവേശിക്കത്തക്ക തരത്തിൽ നിയമന ഉത്തരവ് നൽകാനാണ് 06.04.2023 ലെ സർക്കാർ കത്ത് ജെ1/56/2022 പ്രകാരം നിർദ്ദേശം നല്കിയിട്ടുള്ളത് എന്നതിനാലും ശ്രീ പ്രഭാകരൻ പയ്യാട്ടിന് 27.03.2012 മുതൽ പ്രാബല്യത്തിൽ വന്ന അധിക തസ്തികയിൽ ആ തീയതിമുതൽ തന്നെ നിയമനാംഗീകാരം നൽകാൻ കണ്ണൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകണമെന്ന പരാമർശം (5) ലെ ആവശ്യം പരിഗണനാർഹമല്ലെന്ന് ബോധ്യപ്പെടുകയുണ്ടായി.

5) മേൽ സാഹചര്യത്തിൽ പരാമർശം (5) ലെ ആവശ്യം നിരസിച്ചുകൊണ്ട് റിട്ട് ഹർജി 8442/2025 മേലുള്ള ബഹു. ഹൈക്കോടതിയുടെ വിധിന്യായം പാലിച്ച് പരാമർശം (4) പ്രകാരം പുറപ്പെടുവിച്ച ഉത്തരവ് പുതുക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അശ്വതി കെ

അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം).

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കണ്ണൂർ

ശ്രീ.പ്രഭാകരൻ പയ്യാട്ട്, എച്ച്.എസ്.ടി (ഹിന്ദി), കടന്നൂർ ഹയർസെക്കന്ററി സ്കൂൾ, കടന്നൂർ, കണ്ണൂർ 670 663

മാനേജർ, എച്ച്.എസ്.ടി (ഹിന്ദി), കടന്നൂർ ഹയർസെക്കന്ററി സ്കൂൾ, കടന്നൂർ, കണ്ണൂർ - 670 663

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി) കരുതൽ

ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Pradeep Kumar, C. O
Date: 03-06-2026 09:47:57

സെക്ഷൻ ഓഫീസർ